പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **T 3212**

**21/12/2012** - ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) തൊഴിലുറപ്പ് തൊഴിലാളികൾ തൊഴിൽ മേഖലയിൽ ഒട്ടേറെ അപകടങ്ങളെ നേരിടേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ടെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; തൊഴിലുറപ്പ് തൊഴിലാളികളുടെ ജീവിത സുരക്ഷയ്ക്ക് ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരി ക്കുമോ ; | (എ) | ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ കുറഞ്ഞത് 15 ദിവസമെങ്കിലും പണിയെടുത്ത കുടുംബങ്ങൾക്ക് രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (ആർ.എസ്. ബി.വൈ) പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭി ക്കുന്നുണ്ട്. |
| (ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്നത് തുച്ഛമായ വേതനമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; സംസ്ഥാന വിഹിതമായി തുക ഉൾ പ്പെടുത്തി തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം 300 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരം, സംസ്ഥാ നത്ത് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ദിവസവേതനം 164 രൂപയാണ്. തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട് |
| (സി) കയർ തൊഴിലാളികളെയും, ക്ഷീര കർഷകരെയും തൊഴിലുറപ്പ് തൊഴിലാ ളികളെയും രജിസ്റ്റർ ചെയ്യാനും തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള ആനുകൂല്യങ്ങൾ അവർക്ക് നൽകാനും നടപടി സ്വീകരിക്കുമോ ? | (സി) | കയർ / ക്ഷീരമേഖലയിലെ തൊഴിലാളികളുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിമേൽ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ക്ഷീരകർഷകർക്ക് സഹായകരമായ തൊഴുത്തിന്റെ ഈടുറ്റതറ, പുൽത്തൊട്ടി, ഗോമൂത്ര സംഭരണി, കാലിതീറ്റയായ അസോള വളർത്തൽ എന്നിവ ഏറ്റെടുക്കുന്നതിന് അനുവാദമുണ്ട്. |

സെക്ഷൻ ഓഫീസർ